# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1593** — **15.02.2016 ൽ മറുപടിയ്ക്ക്**

## പച്ചക്കറികളിലെ കീടനാശിനി പ്രയോഗം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എസ്. രാജേന്ദ്രൻ : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
| (എ) അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തിക്കുന്ന പഴങ്ങളിലേയും പച്ചക്കറികളിലേയും കീടനാശിനി പ്രയോഗം കണ്ടുപിടിക്കുന്നതിനും കുറ്റക്കാർക്കെതിരെ ശിക്ഷാനടപടി കൈക്കൊള്ളുന്നതിനും സർക്കാർ ഇപ്പോഴും നടപടി സ്വീകരിക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന എല്ലാ പഴങ്ങളുടെയും പച്ചക്കറികളുടെയും സാമ്പിളുകൾ ചെക്ക്പോസ്റ്റുൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്ന് ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലുള്ള അനലറ്റിക്കൽ ലാബുകളിലും കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റസിഡ്യു ടെസ്റ്റിംഗ് ലാബിലേക്കും അയച്ച് പരിശോധിക്കുകയും കുറ്റക്കാർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) ഹോർട്ടികോർപ്പ വഴി വിറ്റഴിക്കുന്ന പച്ചക്കറികളിലേയും പഴങ്ങളിലേയും കീടനാശിനി പ്രയോഗം കണ്ടെത്തുന്നതിനുള്ള പരിശോധന നടത്താറുണ്ടോയെന്നും പരിശോധനയിൽ കീടനാശിനി പ്രയോഗം കണ്ടെത്തിയിട്ടുണ്ടോയെന്നും പറയാമോ? | (ബി) ഹോർട്ടികോർപ്പ വഴി വിറ്റഴിക്കുന്ന പച്ചക്കറികളുടെയും പഴങ്ങളുടെയും സാമ്പിളുകൾ ശേഖരിച്ച് കീടനാശിനിയുടെ അളവ് പരിശോധിച്ചു വരുന്നു. അവയുടെ അളവ് ദോഷകരമായ രീതിയിൽ കണ്ടെത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**